**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** | **01-09-2022 - ൽ മറുപടിയ്ക്ക്**

**തമ്മാനിമറ്റം ഇക്ക് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിൽ തകർന്ന, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റം ഇക്ക് പാലത്തിന്റെ പുനർനിർമാണത്തിനായി 17.08.2020-ൽ ഭരണാനുമതി നൽകിയെങ്കിലും നിർമാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ഭരണാനുമതി തുക 2.19 കോടി രൂപയാണ്. എന്നാൽ പുതിയ ഡിസൈൻ പ്രകാരം എസ്റ്റേമേറ്റിന്റെ തുക 5.37 കോടി രൂപയാണ് (സിവിൽ & മെക്കാനിക്കൽ).<br><br>ഇതനുസരിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രളയത്തിൽ തകർന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | അവശിഷ്ടങ്ങളുടെ മൂല്യനിർണ്ണയത്തി നായി വാല്യുവേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് പുഴയിൽ നിന്ന് മാറ്റുന്നതിനുള്ള Dismantling ചാർജ്ജിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഈ തുക പുതിയ എസ്റ്റിമേറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | തമ്മാനിമറ്റം ഇക്ക് പാലത്തിന്റെ നിർമാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പുതുക്കിയ ഭരണാനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ